'വർത്തമാനം'
26-02-05

# പാതിരിവനത്തിലെ മുളമുറി ഉടൻ നിർത്തണം: പ്രകൃതി സംരക്ഷണ സമിതി

**കല്പറ്റ:** സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷന് കീഴിലെ പാതിരിവനത്തിൽ നിന്നും വൻതോതിൽ മുള മുറിക്കുന്നത് ഉടൻ അവസാനിപ്പിക്കണമെന്ന് വയനാട് പ്രകൃതിസംരക്ഷണസമിതി ജനറൽ ബോഡി ആവശ്യപ്പെട്ടു.

വയനാടിന്റെ പരിസ്ഥിതി സംതുലനത്തെ ഗുരുതരമായി ബാധിക്കുന്ന മുളവെട്ട് നിർത്തിവെക്കാൻ വനംവകുപ്പ് തയ്യാറായില്ലെങ്കിൽ ശക്തമായി നേരിടുമെന്ന് യോഗം മുന്നറിയിപ്പ് നല്കി. മുള്ളൻകൊല്ലിപ്രദേശത്ത് വരൾച്ചയും ജലക്ഷാമവും മരുവൽക്കരണത്തിനും ഇത് ഇടയാക്കും. ജില്ലയിലെ വനമേഖലയിൽ കഴിഞ്ഞ കുറേ വർഷങ്ങളായി രൂക്ഷമായി തുടരുന്ന വന്യമൃഗശല്യത്തിന് കാരണം മാവൂർ റയോൺസിന് മുളവെട്ടിയതാണ്.

ഇതിനകം അമ്പതോളം കർഷകർ കൊല്ലപ്പെടുകയും അഞ്ഞൂറോളം ആനകൾ ചത്തൊടുങ്ങുകയും ചെയ്തു. ജില്ലയിൽ അനുഭവപ്പെടുന്ന ജലക്ഷാമത്തിനും വരൾച്ചക്കും കാരണം അമിതമായ വനനശീകരണമാണ്. ജില്ലയിൽ ശേഷിക്കുന്ന മുളങ്കാടുകൾകൂടി വെട്ടിമാറ്റുന്നതോടെ വന്യമൃഗശല്യവും രൂക്ഷമാകും.

ജില്ലയിലെ മറ്റ് ഭാഗങ്ങളിലെ മുളകളും മുറിക്കാനുള്ള നീക്കം നടക്കുന്നുണ്ട്. അതേസമയം പ്രകൃതി സ്നേഹികളും സമീപവാസികളും ആവശ്യപ്പെട്ടിട്ടും തിരുനെല്ലി, തൃശ്ശിലേരി, കാട്ടിക്കുളം, മുത്തങ്ങ, മാവിൻഹള്ള, നൂൽപ്പുഴ എന്നീ സ്ഥലങ്ങളിലെ യൂക്കാലി മരങ്ങൾ മുറിക്കാൻ തയ്യാറാകുന്നില്ല.

പരിസ്ഥിതിക്ക് ഏറെ ദോഷം ചെയ്യുന്നതാണ് യൂക്കാലി മരങ്ങൾ. വനം മന്ത്രിക്ക് മുളമുറി നിർത്തണമെന്നാവശ്യപ്പെട്ട് ഫാക്സ് അയച്ചു. പ്രസിഡന്റ് എൻ ബാദുഷ അധ്യക്ഷത വഹിച്ചു. ബാബു മൈലംപാടി, രാമകൃഷ്ണൻ തച്ചമ്പത്ത്, വി എം രാജൻ, എം ഗംഗാധരൻ, വിജയൻ, തോമസ് അമ്പലവയൽ, വിമൽ, സുരേഷ്, ജോയി എന്നിവർ പ്രസംഗിച്ചു.


# പാശ്ചാത്യരുടെ വികസന സങ്കൽപ്പങ്ങൾ കടമെടുക്കുന്നു: സുന്ദർലാൽബഹുഗുണ

കൽപ്പറ്റ: നമ്മൾ കടമെടുക്കുന്നത് പാശ്ചാത്യരുടെ വികസന സങ്കൽപ്പങ്ങളാണെന്ന് ലോക പ്രശസ്ത വൃക്ഷ സ്നേഹിയും ചിപ്കോ നേതാവുമായ സുന്ദർലാൽ ബഹുഗുണ അഭിപ്രായപ്പെട്ടു. ഇവിടെ മീറ്റ് ദ പ്രസ് പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇന്ത്യൻ ചിന്തകർ കുറഞ്ഞ ഉപഭോഗത്തെ പ്രോത്സാഹിപ്പിക്കുന്നവരായിരുന്നു. രാഷ്ട്രപിതാവ് മഹാത്മാഗാന്ധി ഒറ്റമുണ്ട് മാത്രമെ ഉപയോഗിച്ചിരുന്നുള്ളു. അദ്ദേഹം പറഞ്ഞു.

ഭക്ഷണ വിഭവങ്ങൾ ഉൽപ്പാദിപ്പിക്കാനാണ് നാം ശ്രദ്ധിക്കേണ്ടത്. അല്ലാതെ കമ്പോള ഉൽപ്പന്നങ്ങളുടെ പുറകെയല്ല പോകേണ്ടത്. കമ്പോളവില മാറിയും മറിഞ്ഞുമിരിക്കും. കമ്പോള ഉൽപ്പന്നങ്ങളാകുമ്പോൾ ഇറക്കുമതി വേണ്ടി വരും. കാർഷിക ഉൽപ്പന്നങ്ങൾക്ക് ഗതാഗതത്തിനായിരിക്കും കൂടുതൽ തുക ചിലവഴിക്കേണ്ടി വരിക. കമ്പോളവൽക്കരണം വനം നശിക്കാൻ ഇടയാക്കും. മരങ്ങൾ ഉണ്ടെങ്കിലെ രക്ഷയുള്ളു. ജനസംഖ്യ നാൾക്ക് നാൾ വർദ്ധിച്ച് കൊണ്ടിരിക്കുന്നു. റോഡുകളും കെട്ടിടങ്ങളും അല്ല വികസനം. യൂറോപ്യൻ ചിന്തയാണിത്. സുന്ദർലാൽ ബഹുഗുണ പറഞ്ഞു. ഭാര്യ വിമല ബഹുഗുണയും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. പ്രശസ്ത പക്ഷി നിരീക്ഷകൻ പി.കെ. ഉത്തമൻ, വയനാട് പ്രകൃതി സംരക്ഷണ സമിതി പ്രസിഡന്റ് എൻ. ബാദുഷ, സെക്രട്ടറി തോമസ് അമ്പലവയൽ എന്നിവരും മീറ്റ് ദ പ്രസ് പരിപാടിയിൽ പങ്കെടുത്തു. ഇന്ന് പുൽപ്പള്ളിയിൽ നടക്കുന്ന കബനി സംരക്ഷണ യജ്ഞം ഉദ്ഘാടനം ചെ[illegible]ൻ വേണ്ടിയാണ് സുന്ദർലാൽ [illegible]ഗുണ വയന[illegible]ലെത്തിയത്.

# വികസന കാഴ്ചപ്പാട് മാറണം: ബഹുഗുണ



കല്ലുവയൽ ജയശ്രീ ഹയർ സെക്കൻഡറി സ്കൂളിൽ ആരംഭിച്ച മഴവെള്ള ക്ലബ് പ്രശസ്ത പരിസ്ഥിതി പ്രവർത്തകൻ സുന്ദർലാൽ ബഹുഗുണ ഉദ്ഘാടനം ചെയ്യുന്നു.

കൽപറ്റ: വികസനത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളിൽ കാതലായ മാറ്റം വരണമെന്ന് പ്രശസ്ത പരിസ്ഥിതിപ്രവർത്തകൻ സുന്ദർലാൽ ബഹുഗുണ. വരുംതലമുറയെ നിലനിർത്താനുതകുന്നതും അതോടൊപ്പം ഭൂമിയെ ഹനിക്കാത്തതുമായിരിക്കണം വികസന നയമെന്നും അദ്ദേഹം വ്യക്തമാക്കി. വയനാട് ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കാനെത്തിയ ചിപ്കോ നായകൻ പത്രലേഖരോട് സംസാരിക്കുകയായിരുന്നു.

പ്രകൃതിയെ അപ്രത്യക്ഷമാക്കുന്ന വികസനമാണ് ഇപ്പോൾ നടക്കുന്നത്. ഇതുവരെ നടന്ന വികസനത്തിലൂടെ നമുക്ക് നല്ലൊരു ഭാഗം പ്രകൃതിയെയും നഷ്ടപ്പെട്ടു കഴിഞ്ഞു. സംസാരശേഷിയില്ലാത്ത ഈ പ്രകൃതിക്കുവേണ്ടിയാവട്ടെ നമ്മുടെ ശബ്ദമെന്നും സുന്ദർലാൽ ബഹുഗുണ പറഞ്ഞു.

മറ്റെല്ലാ ജീവജാലങ്ങളുടെയും സംരക്ഷകനാകേണ്ട മനുഷ്യൻ മറ്റുള്ളവയെ വിഴുങ്ങുന്ന നിലയിലാണ്. എല്ലാം കൈക്കലാക്കുന്ന പാശ്ചാത്യമനോഭാവമാണ് നാം പകർത്തുന്നത്. ഒന്നും കൈക്കലാക്കാതെ ഏവരുടെയും ആദരം നേടിയ ഗാന്ധിജിയുടെ നാട്ടിലാണ് ഇതെന്ന് മനസ്സിലാക്കണം.

വാണിജ്യവിളകൾക്കു പകരം ഭൂമിയുടെ സ്വാഭാവികത നിലനിർത്തുന്ന വിളകൾക്കാണ് കർഷകർ മുൻഗണന കൊടുക്കേണ്ടതെന്ന് ബഹുഗുണ അഭിപ്രായപ്പെട്ടു. ഭൂമിയെ അമ്മയായി കണക്കാക്കണം.

മനുഷ്യർക്ക് ഭക്ഷണമൊരുക്കുന്ന അമ്മയെ കൂടുതൽ ചൂഷണം ചെയ്യുന്നവരായി മനുഷ്യർ മാറിയാൽ അമ്മക്കൊപ്പം മക്കളും നശിക്കുകയായിരിക്കും ഫലം.

രാഷ്ട്രീയാധികാരമുള്ളവർക്ക് കുരക്കാൻ ആകാശവാണിയും ദൂരദർശനുമുള്ളപ്പോൾ ശബ്ദമില്ലാത്തവരുടെ ശബ്ദമായി മാധ്യമങ്ങൾ മാറണമെന്ന് അദ്ദേഹം പറഞ്ഞു. അമിതകീടനാശിനി ഉപയോഗത്തെ പ്രോൽസാഹിപ്പിക്കുന്ന ശാസ്ത്രജ്ഞർ ശാസ്ത്രത്തെ ദുരുപയോഗം ചെയ്യുകയാണ്. ശാസ്ത്രവും രാഷ്ട്രീയവും ചേർന്ന് നാശത്തിനുള്ള മാർഗങ്ങളാണ് ആരായുന്നതും കണ്ടെത്തുന്നതും–ബഹുഗുണ പറഞ്ഞുനിർത്തി.

2005 February 6 Sunday www.manoran

# പ്രകൃതിനാശം സംസ്കൃതി തകർക്കും: ബഹുഗുണ

## പ്രകൃതിയിലേക്കുള്ള മടങ്ങിപ്പോക്ക് അത്യാവശ്യം.

സ്വന്തം ലേഖകൻ

കോഴിക്കോട് : മണ്ണും മരവും നശിക്കുന്നതോടെ സംസ്കൃതിതന്നെ. വിസ്മൃതിയിലാണ്ടു പോകുമെന്ന് ചിപ്കോ പ്രസ്ഥാനത്തിന്റെ അമരക്കാരൻ സുന്ദർലാൽ ബഹുഗുണ. 'ആഗോളവൽക്കരണകാലത്തെ പരിസ്ഥിതി പ്രശ്നങ്ങൾ' എന്ന വിഷയത്തിൽ പരിസ്ഥിതി പ്രവർത്തകർ സംഘടിപ്പിച്ച ചർച്ച ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പ്രകൃതിയിലേക്കുള്ള മടങ്ങിപ്പോക്ക് അത്യാവശ്യമാണ്. ആർഷഭാരതത്തിന്റെ ഉദ്ഗ്രഥനത്തിനായി പരിശ്രമിച്ച ആദി ശങ്കരന്റെ മണ്ണിൽനിന്ന് ദേശീയോദ്ഗ്രഥനത്തിന്റെ സന്ദേശം വഹിച്ചുകൊണ്ടുള്ള ഭാരതയാത്രയ്ക്ക് തയാറെടുക്കണമെന്ന് അദ്ദേഹം പറഞ്ഞു. ഡോ.വിജയകുമാർ അധ്യക്ഷനായിരുന്നു. എം.ആർ.രാഘവവാരിയർ, എൻ.ബാദുഷ, പി.കെ.ഉത്തമൻ പ്രസംഗിച്ചു. സുന്ദർലാൽ ബഹുഗുണയുടെ പത്നിയും സർവോദയസംഘം നേതാവുമായ വിമല ബഹുഗുണയും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. കോട്ടയം എസ്.ബി.ഐ. ഉദ്യോഗസ്ഥൻ കെ.ടി. ജോസഫിന്റെ സ്റ്റാംപ്പ്രദർശനവും നടന്നു.

# വികസനം പുനർനിർവചിക്കണം- ബഹുഗുണ

**കല്പറ്റ:** ആധുനിക വികസനസങ്കല്പങ്ങൾ പുനർ നിർവചിക്കണമെന്ന് ചിപ്കോ പ്രസ്ഥാനത്തിന്റെ നായകനായ സുന്ദർലാൽ ബഹുഗുണ അഭിപ്രായപ്പെട്ടു. ഭാവിതലമുറയ്ക്ക് കൂടി ഉപകാരപ്പെടുന്ന വികസനമാണ് വേണ്ടത്. വയനാട്ടിൽ മൂന്നു ദിവസത്തെ പരിപാടികൾക്കെത്തിയ ബഹുഗുണ വാർത്താലേഖകരുമായി സംസാരിക്കുകയായിരുന്നു.

ചിന്തിക്കാൻ കഴിവുള്ള ജീവി എന്ന നിലയിൽ ഭൂമിയിലെ ജീവജാലങ്ങളുടെ സംരക്ഷകനാണ് മനുഷ്യൻ. എന്നാൽ മറ്റ് ജീവികളെയും ഭൂമിയെത്തന്നെയും കൊള്ളയടിക്കുന്ന വികസനനയമാണ് മനുഷ്യർ സ്വീകരിച്ചിരിക്കുന്നത്. ഭൂമി ഒരു കുടുംബമാണെന്ന ഭാരതസങ്കല്പം അന്യമാവുകയാണ്. ഹൃദയത്തിനു മേൽ തല ആധിപത്യം നേടുന്ന അവസ്ഥയാണ്.

ജീവിതം മെച്ചപ്പെടുത്താൻ ഉപയോഗിക്കേണ്ട ശാസ്ത്രം ദുരുപയോഗം ചെയ്യപ്പെടുന്നു. ശാസ്ത്രം ആത്മീയവത്കരിച്ചാൽ മനുഷ്യരാശിക്ക് നേട്ടമാണ്. എന്നാൽ, ശാസ്ത്രം രാഷ്ട്രീയവത്കരിച്ചാൽ അധഃപതനമാണ് ഫലം. ഭൂമി റോഡിനും കെട്ടിടനിർമാണത്തിനും ഉപയോഗിക്കുന്നതിന്റെ ഫലമായി കൃഷിയിടങ്ങളുടെ വിസ്തീർണത്തിൽ വൻകുറവ് ഉണ്ടായിട്ടുണ്ട്. വർധിച്ചുവരുന്ന ജനസംഖ്യയ്ക്ക് ഭക്ഷ്യധാന്യം നൽകാൻ പരമാവധി കൃഷിഭൂമിയിൽ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കണം.

ജനങ്ങൾക്ക് ഭക്ഷണം നൽകാനാണ് ഭൂമി. വാണിജ്യവിളകൾ ഭക്ഷണത്തിന് ഉപയോഗപ്പെടില്ല. വാണിജ്യവിളകളുടെ വില വിപണിയെ ആധാരമാക്കിയാണ് നിലകൊള്ളുന്നത്. അതുകൊണ്ടുതന്നെ ചില സമയത്ത് വില കൂടുകയും വില കുറയുകയും ചെയ്യും. വില പല ഘടകങ്ങളെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. ഇതിനെക്കുറിച്ച് കർഷകർക്ക് അറിവു നൽകണം. മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടപ്പെടാതെ നോക്കാൻ കർഷകർ ശ്രദ്ധിക്കണം. ഒപ്പം വനസംരക്ഷണത്തിനും പ്രാധാന്യം നൽകണം. മരമാണ് ഈ കാലത്തെ ഏറ്റവും മികച്ച കൃഷി. മരം കൃഷിചെയ്യാനാണ് കർഷകർ ശ്രദ്ധിക്കേണ്ടത്- അദ്ദേഹം പറഞ്ഞു.

## മരങ്ങളെ സംരക്ഷിച്ച് സന്തുഷ്ട ജീവിതത്തെ സ്വാഗതം ചെയ്യുക

**പുല്പള്ളി:** പ്രകൃതിയെ മറന്നുള്ള മനുഷ്യന്റെ പ്രവൃത്തികൾ മുമ്പെന്നതിനേക്കാൾ അപകടകരമായി വർദ്ധിച്ചിരിക്കുകയാണെന്ന് ചിപ്കോ നേതാവ് സുന്ദർലാൽ ബഹുഗുണ പറഞ്ഞു. തന്റെ തലമുറയ്ക്ക് സ്വന്തമായി ഉണ്ടായിരുന്ന പലതും പുതിയ തലമുറയ്ക്ക് നൽകാൻ നമുക്കാവുന്നില്ല. പരിശുദ്ധമായ ജലം, വിഷമയമാകാത്ത മണ്ണ്, ശുദ്ധവായു ഇവയെല്ലാം വരും തലമുറയ്ക്ക് കൈമാറാനുള്ള ബാധ്യത നമ്മുടെതാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.


പുല്പള്ളി ജയശ്രീ ഹയർസെക്കൻഡറി സ്കൂളിലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു ബഹുഗുണ. "മരങ്ങളെ സംരക്ഷിച്ച് സന്തുഷ്ടജീവിതത്തെ സ്വാഗതം ചെയ്യുക" എന്ന മുദ്രാവാക്യം വിദ്യാർത്ഥികൾക്കായി അദ്ദേഹം നൽകി. പരിസ്ഥിതി സംരക്ഷണത്തിലും മരങ്ങൾ നട്ടുവളർത്തുന്നതിലും വിദ്യാർത്ഥികൾ കാണിക്കുന്ന പരിശ്രമത്തെ അദ്ദേഹം അഭിനന്ദിച്ചു. സ്കൂളിൽ പുതുതായി ആരംഭിക്കുന്ന പരിസ്ഥിതി ക്ലബ്ബിന്റെ ഉദ്ഘാടനം അദ്ദേഹം നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സുകുമാരി തങ്കച്ചൻ അധ്യക്ഷതവഹിച്ചു. പ്രിൻസിപ്പൽ കെ.കെ. ഓമനക്കുട്ടൻ, മാനേജർ കെ.ആർ. ജയറാം, എം.പി. ജോസ്, ടി.പി. ശശിധരൻ, ഗോവിന്ദൻകുട്ടി എന്നിവർ സംസാരിച്ചു.



കല്ലുവയൽ ജയശ്രീ ഹയർ സെക്കൻഡറി സ്കൂളിൽ ബഹുഗുണ വൃക്ഷത്തൈ നടുന്നു

## കൂടിച്ചേരൽ പുൽപ്പള്ളിയിൽ

**കൽപ്പറ്റ:** ഞായറാഴ്ച രാവിലെ എസ്.കെ.എം.ജെ.യിൽ നടത്താനിരുന്ന വയനാട്ടിലെ പരിസ്ഥിതി പ്രവർത്തകരുടെ, സുന്ദർലാൽ ബഹുഗുണ പങ്കെടുക്കുന്ന കൂടിച്ചേരൽ വേണ്ടെന്നു വെച്ചു. ഇത് വെള്ളിയാഴ്ച വൈകിട്ട് പുൽപ്പള്ളിയിൽ നടക്കും.



The environmentalist Sunderlal Bahuguna arriving to participate in a discussion on 'Environmental problems in times of globalisation' organised by Wayanad Prakrithi Samrakshana Samithi in Kozhikode on Saturday.

# 'Protect trees, bond with nature'

**By Our Special Correspondent**

**KOZHIKODE, FEB. 5.** The environmentalist Sunderlal Bahuguna today emphasised the need for man to bond with nature.

He was inaugurating a discussion on 'Environmental problems in times of globalisation' at Town Hall here. Mr. Bahuguna said that destroying our soil and trees was tantamount to destroying our culture. He added that the foreigners had already understood the need to be close to nature. The meeting was organised by the Wayanad Prakrithi Samrakshana Samithi.

മാതൃഭൂമി • 2005 ഫിബ്രവരി 3 •

# സുന്ദർലാൽ ബഹുഗുണ വയനാട്ടിൽ

**സുൽത്താൻബത്തേരി:** ചിപ്ക്കോ പ്രസ്ഥാനത്തിൻെറ നായകൻ സുന്ദർലാൽ ബഹുഗുണ വ്യാഴം, വെള്ളി, ഞായർ ദിവസങ്ങളിൽ വയനാട്ടിൽ വിവിധ ചടങ്ങുകളിൽ പങ്കെടുക്കും.

രണ്ട് പതിറ്റാണ്ട് മുമ്പാണ് ഇതിനുമുമ്പ് ഇദ്ദേഹം വയനാട്ടിൽ വന്നത്. വനമേഖലയിൽ വ്യാപകമായ സെലക്ഷൻ, ക്ലിയർ ഫെല്ലിങ്ങുകൾക്കെതിരെയും മാവൂർ ഗ്വാളിയോർ റയൺസിനുവേണ്ടി മുള മുറിക്കുന്നതിനെതിരെയും നടന്ന സമരത്തിന് പിന്തുണ നൽകി വയനാട് പ്രകൃതിസംരക്ഷണ സമിതി നടത്തിയ പ്രക്ഷോഭം അദ്ദേഹം ദേശീയശ്രദ്ധയിൽ കൊണ്ടുവന്നു.

വയനാട് പ്രകൃതിസംരക്ഷണ സമിതി നടത്തുന്ന കബനി രക്ഷായജ്ഞം ഉദ്ഘാടനം ചെയ്യാനാണ് ഇദ്ദേഹം വയനാട്ടിലെത്തുന്നത്. ഫിബ്രവരി 4ന് മൂന്നുമണിക്ക് പുല്പള്ളി സഹ. ബാങ്ക്ഹാളിൽ സേവ് കബനി കാമ്പെയിനും ബഹുഗുണ ഉദ്ഘാടനം ചെയ്യും. ഫിബ്രവരി 3ന് വൈകീട്ട് വയനാട്ടിലെത്തുന്ന ബഹുഗുണ ഫിബ്രവരി ആറുവരെ വയനാട്ടിലുണ്ടാകും.

# സസ്യങ്ങളാണ് ജീവൻെറ നിലനില്പിന്നാധാരം: ബഹുഗുണ

**സുൽത്താൻബത്തേരി:** സസ്യങ്ങളാണ് ജീവൻെറ നിലനില്പിന്നാധാരമെന്ന് ചിപ്കോ പ്രസ്ഥാന നായകൻ സുന്ദർലാൽ ബഹുഗുണ പറഞ്ഞു. ബത്തേരി സെൻറ് മേരീസ് കോളേജ് ഹയർ സെക്കൻഡറി സ്കൂൾ കാമ്പസ് 'ഇക്കോ ഫ്രണ്ട്ലി'യായി പ്രഖ്യാപിക്കുകയായിരുന്നു അദ്ദേഹം. ക്രിയാത്മകമായി ചിന്തിച്ച് മനുഷ്യരെയും പ്രകൃതിയേയും സ്നേഹിച്ച് സമൂഹത്തിൻെറ പുനർനിർമിതിക്കു വേണ്ടി പ്രയത്നിച്ച് ഉദാത്തമായ ജീവിതം നയിക്കണമെന്ന് സുന്ദർലാൽ ബഹുഗുണ കുട്ടികളെ ഉദ്ബോധിപ്പിച്ചു.

വിമല ബഹുഗുണ, പ്രിൻസിപ്പൽ സൂസി കുരുവിള, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ ബെന്നി വെട്ടിക്കൽ, കെ.ആർ. ജയപ്രകാശ്, എൻ. ബാദുഷ, കെ.ജി. ജോസഫ്, സുരേന്ദ്രൻ എന്നിവർ പ്രസംഗിച്ചു. സ്കൂൾ കാമ്പസിൽ ബഹുഗുണ മരം നട്ടു.



സുൽത്താൻബത്തേരി സെൻറ്മേരീസ് കോളേജ് ഹയർ സെക്കൻഡറി ഗ്രൗണ്ടിൽ സുന്ദർലാൽ ബഹുഗുണ മരം നടുന്നു

# 'ജീവിതരീതിയിലെ പിഴവ് പ്രകൃതിയെ മലിനമാക്കുന്നു'

പുൽപള്ളി: മനുഷ്യരുടെ തെറ്റായ ജീവിത രീതികൾ പ്രകൃതിയെ മലിനമാക്കുകയാണെന്ന് പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ സുന്ദർലാൽ ബഹുഗുണ പ്രസ്താവിച്ചു. ലക്കും ലഗാനുമില്ലാത്ത പ്രകൃതി വിരുദ്ധ പ്രവർത്തനങ്ങൾ വലിയൊരു ദുരന്തത്തിലേക്കാണ് നമ്മെ നയിക്കുന്നത്. വയനാട് പ്രകൃതി സംരക്ഷണ സമിതിയുടെ ഒരു വർഷം നീണ്ടുനിൽക്കുന്ന കബനിരക്ഷായജ്ഞം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നദികളുടെ സംരക്ഷണം ഭാവിക്ക് വേണ്ടിയുള്ള പ്രസ്ഥാനമായി കാണണം. വനങ്ങളിൽ നിന്നാണ് നദികളുണ്ടാകുന്നത്. അതിനാൽ ആദ്യം സംരക്ഷിക്കേണ്ടത് വനവും പുൽമേടുകളുമാണ്. പ്രഫ.ടി.മോഹൻ ബാബു അധ്യക്ഷത വഹിച്ചു.


പി.കെ.ഉത്തമൻ, എം.ഗംഗാധരൻ, ഫാ.മാത്യു ബേബി കളരിക്കൽ, എൻ.ബാദുഷ, കെ.എൽ. പൗലോസ്, എൻ.യു.ഇമ്മാനുവൽ, ബി.വി.ബോളൻ, ബാബു മൈലമ്പാടി പ്രസംഗിച്ചു.

കബനിയുടെ സംരക്ഷണത്തിന് 12 ഇന പരിപാടികളാണ് പ്രകൃതി സംരക്ഷണ സമിതി ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നത്.

വനശോഷണത്തിന്റെ പ്രധാന ഭാഗമായ കാട്ടുതീ തടയൽ, ജലസംരക്ഷണ ബോധവൽക്കരണ പരിപാടികൾ, പദയാത്രകൾ, വനവൽക്കരണം, കീടനാശിനിക്കെതിരായ പ്രചാരണങ്ങൾ, അനധികൃത മണൽ കരിങ്കൽ ഖനനങ്ങൾക്കെതിരായ പ്രവർത്തനങ്ങൾ, സെമിനാറുകൾ, ഫോട്ടോ പ്രദർശനം തുടങ്ങിയവയാണ് പ്രധാന പരിപാടികൾ.

# Saving trees is his mission

*He has been a crusader for afforestation all his life. This veteran environmentalist warns that water may soon be scarce unless it is conserved. In a talk with*
***R. Madhavan Nair***



**'Now everything is produced for market. Only people with money can survive in a market-oriented economy. It should not be so. If one day oxygen becomes a marketable product, only very few will be able live in this world.'**

SUNDERLAL BAHUGUNA is happy. Kerala is leading other States in a field which is dear to his heart - tree farming. But he also has a word of caution for



MEET...

**Sunderlal Bahuguna**

Keralites. "Kerala leads in tree farming, no doubt; but I am sad to find it is not for what it should be - attaining self-sufficiency. Tree farming here is unfortunately for exports, not self-sufficiency.

When economics and profits alone become the guiding principles of life, the entire life system is always under a grave threat of destruction, he warns.

Speaking to *The Hindu* in Kozhikode during a visit arranged by the Wayanad Prakriti Samrakshana Samithi, the author of Chipko movement, was also quick to acknowledge that Kerala had progressed considerably in tree farming and only needed to make some corrections in its approach. The Magsaysay award winner was confident Kerala would have the wisdom to make these modifications and emerge as a true model in tree farming just as it has done in many other fields of activities. He found the pattern of land use followed by and large sound in Kerala and was impressed by the popularisation of pepper. Sunderlal Bahuguna also defends eco-activists of Kerala who are often accused of blocking development by raising 'non-existent' and sometimes 'insignificant' issues. "What these groups do is ring alarm bells when they see a grave threat to human survival," said Bahuguna who once fasted for 72 days in 1996 against the Tehri dam project which he thought would devastate the Himalayan landscapes along with its rich culture.

Bahuguna, a freedom fighter and Gandhian points out that he himself had faced such charges during the Chipko movement when it was in its initial stages. H. N. Bahuguna, who was then the Chief Minister of Uttar Pradesh, had objected to his movement to protect trees, saying it would make us aborigines."

"I asked him how he could raise such an objection when he (the Chief Minister Bahuguna) himself was a hill man," recalled the eco-activist. But it was only after the Prime Minister, Indira Gandhi, intervened that the Chief Minister withdrew his objections.

## Avoid transport

He has been campaigning to promote his concept that tree farming can make communities self-sufficient. It would help avoid transport which in his view is an uneconomical activity that should be stopped .And it would also be possible only if communities attain self-sufficiency and do not have to transport goods needed for their needs from far off places.

"That is the way to development in the true sense of the term," says the gentle warrior for Nature. "Here affluence is mistaken for development. My definition of development is that all beings should enjoy permanent peace, happiness and fulfilment. And that is possible only by following what I prefer to call the 'Three - As' - Austerity which unfortunately is now regarded as a sign of backwardness; Alternatives for basic needs in lieu of methods now followed; and Afforestation which should be mainly for food, manure and fibre and not for timber alone."

"It is the sane way to live. But what we see today is insanity. There should be a change in our way of living. Now everything is produced for market. Only people with money can survive in a market-oriented economy. It should not be so. If one day oxygen becomes a marketable product, only very few will be able live in this world,", the 78-year-old environmentalist said.

## Water important

Sunderlal Bahuguna believes people should realise the importance of water which is now scarce. Methods should be devised to develop farming and industrial techniques that would consume less water. Already the volume of water in Himalayan rivers has been reduced by half.

Though in the winter of his life, Bahuguna continues his battle against projects implemented in the name of development.

Bahuguna believes his experience as a part-time correspondent for United News of India (UNI) had stood him in good stead during his relentless fight against projects that would have led to impoverishment of villages in the name of development. His two sons are also journalists.

Accompanied by fellow fighter and wife Vimla, the environmental crusader was in Wayanad where the once lush vegetation and productive farms are fast giving way to water-starved arid lands.



പുൽപള്ളി ജയശ്രീ ഹയർ സെക്കൻഡറി സ്കൂളിലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്ത് സുന്ദർലാൽ ബഹുഗുണ സ്കൂളിന് മുന്നിൽ വൃക്ഷതൈ നടുന്നു

മാധ്യമം

# ശാസ്ത്രം രാഷ്ട്രീയവത്കരിച്ചാൽ ആപത്ത്: സുന്ദർലാൽ ബഹുഗുണ

കൽപറ്റ: ശാസ്ത്രത്തെ ആത്മീയവത്കരിച്ചാൽ നേട്ടവും രാഷ്ട്രീയവത്കരിച്ചാൽ ആപത്തായും മാറുമെന്ന് പരിസ്ഥിതി പ്രവർത്തകനും ചിപ്കോ പ്രസ്ഥാനത്തിന്റെ നേതാവുമായ സുന്ദർലാൽ ബഹുഗുണ പറഞ്ഞു. വയനാട് പ്രകൃതി സംരക്ഷണ സമിതിയുടെ കബനി സംരക്ഷണ യജ്ഞം ഉദ്ഘാടനത്തിനായി വയനാട്ടിൽ എത്തിയ അദ്ദേഹം വാണിജ്യവത്കരിക്കപ്പെട്ട കൃഷിരീതിയുടെ ദൂഷ്യഫലങ്ങൾ ചൂണ്ടിക്കാണിച്ചാണ് ഇങ്ങനെ പ്രതികരിച്ചത്.

ജനസംഖ്യ വർധിക്കുന്ന ഇന്ത്യയിൽ കൃഷിഭൂമി കൃഷി ഇതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയാണ്. പ്രകൃതിക്കനുയോജ്യമായി ഭക്ഷ്യരംഗത്ത് ആവശ്യമായ ഉൽപാദനം നടത്തേണ്ടതിന് പകരം വാണിജ്യവിളകൾ കൂടുതലായി കൃഷിചെയ്യുന്നു. ഇതിന് പിന്നിൽ രാഷ്ട്രീയ ഇടപെടലുകളുണ്ട്. ഇങ്ങനെ പോയാൽ വാണിജ്യവിളകൾ കയറ്റുമതി ചെയ്ത് ഭക്ഷ്യവസ്തുക്കൾ ഇറക്കുമതി നടത്തേണ്ട ഗതികേടുണ്ടാകും. വിപണിയിലെ തന്ത്രങ്ങൾ നേരിട്ട് ബാധിക്കുന്ന വാണിജ്യവിളകളുടെ ഉൽപാദനം രാജ്യത്തിന്റെ നിലനിൽപ് അപകടത്തിലാക്കുമെന്ന് അദ്ദേഹം മുന്നറിയിപ്പുനൽകി. കൂടുതൽ ഉൽപാദനത്തിനായി അമിതമായി കീടനാശിനികൾ ഉപയോഗിക്കാൻ കുത്തക രാഷ്ട്രങ്ങൾ പ്രേരിപ്പിക്കുകയാണ്. കർഷകൻ കീടനാശിനി ഉപയോഗിച്ച് ഭൂമിയെ കൊല്ലരുത്.

വാണിജ്യ കൃഷിക്കായി കർഷകനെകൊണ്ട് വൃക്ഷങ്ങൾ വെട്ടിവീഴ്ത്തിക്കുകയാണ്. മരം നശിച്ചാൽ വനം നശിക്കും; വനം നശിച്ചാൽ പ്രകൃതി നശിക്കും. ചിന്തിക്കാൻ കഴിയുന്ന ജീവിയെന്ന നിലയിൽ ഭൂമിയിലെ സമസ്ത ജീവജാലങ്ങളെയും സംരക്ഷിക്കേണ്ട ചുമതല മനുഷ്യർക്കാണെന്നത് മറക്കരുതെന്നും ബഹുഗുണ ഓർമിപ്പിച്ചു. ഭാര്യ വിമല ബഹുഗുണയും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.

## 'മരങ്ങൾ വെച്ചുപിടിപ്പിച്ച് ജീവിതത്തെ സ്വാഗതം ചെയ്യുക'

പുൽപള്ളി: പ്രകൃതിയെ മറന്നുള്ള മനുഷ്യപ്രവൃത്തികൾ വർധിച്ചിരിക്കുകയാണെന്ന് സുന്ദർലാൽ ബഹുഗുണ പറഞ്ഞു. 15 വർഷങ്ങൾക്ക് ശേഷം വയനാട്ടിലെത്തിയ അദ്ദേഹം പുൽപള്ളി ജയശ്രീ ഹയർ സെക്കൻഡറി സ്കൂളിലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു. ചിന്തിക്കുന്ന തലച്ചോറും ജീവജാലങ്ങളെയും മരങ്ങളെയും സ്നേഹിക്കുന്ന ഹൃദയവും സൽപ്രവർത്തനക്ഷമമായ കൈകളുമാണ് യഥാർഥ മനുഷ്യനെ സൃഷ്ടിക്കുന്നതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. മരങ്ങളെ സംരക്ഷിക്കുന്നതിലൂടെ സന്തുഷ്ട ജീവിതത്തെ സ്വാഗതം ചെയ്യുക എന്ന മുദ്രാവാക്യം വിദ്യാർഥികൾക്കായി അദ്ദേഹം നൽകി. പരിസ്ഥിതി സംരക്ഷണത്തിലും മരങ്ങൾ നട്ടുവളർത്തുന്നതിലും ജയശ്രീ ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികൾ കാണിക്കുന്ന പരിശ്രമത്തെ അദ്ദേഹം അഭിനന്ദിച്ചു. സ്കൂളിൽ പുതുതായി ആരംഭിക്കുന്ന പരിസ്ഥിതി ക്യാമ്പിന്റെ ഉദ്ഘാടനം അദ്ദേഹം നിർവഹിച്ചു. പുൽപള്ളി പഞ്ചായത്ത് പ്രസിഡന്റ് സുകുമാരി തങ്കപ്പൻ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ കെ.കെ. ഓമനക്കുട്ടൻ, മാനേജർ കെ.ആർ. ജയറാം, എം.വി. ജോസ്, ടി.പി. ശശിധരൻ, ഗോവിന്ദൻകുട്ടി എന്നിവർ സംസാരിച്ചു. പരിസ്ഥിതി പ്രവർത്തകരായ എം. ഗംഗാധരൻ, ബാദുഷ, പി.കെ. ഉത്തമൻ, വഹാബ് എന്നിവർ സംബന്ധിച്ചു.

(മാധ്യമം- 27.1.05)

# 'കല കാലത്തെ അതിജീവിക്കുന്നു'

സുൽത്താൻ ബത്തേരി: കാലത്തെ അതിജീവിച്ച് അനശ്വരമായി നിലനിൽക്കുന്നത് കല മാത്രമാണെന്നും കുട്ടികൾ കലയുടെ ഉപാസകരായി വളരണമെന്നും കർണാടക ലളിതകലാ അക്കാദമി അധ്യക്ഷനും ചിത്രകാരനുമായ പുണിഞ്ചിത്തായ പറഞ്ഞു. മുത്തങ്ങ വന്യജീവി സങ്കേതത്തിൽ വയനാട് പ്രകൃതി സംരക്ഷണ സമിതിയും വനംവകുപ്പും നടത്തിയ അഖില വയനാട് ചിത്രരചനാ മൽസരത്തിൽ സമ്മാനദാനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വൈൽഡ്‌ലൈഫ് വാർഡൻ ഫണീന്ദ്രകുമാർ റാവു ഉദ്ഘാടനം ചെയ്തു. സലഫി കോളജ് പ്രിൻസിപ്പൽ പ്രൊഫ. ടി. മോഹൻ ബാബു അധ്യക്ഷത വഹിച്ചു. പ്രകൃതി സംരക്ഷണ സമിതി സെക്രട്ടറി ബാബു മൈലമ്പാടി, പ്രസിഡൻറ് എൻ. ബാദുഷ, ദൂരദർശൻ ന്യൂസ് എഡിറ്റർ പി.കെ. ഉത്തമൻ, തോമസ് അമ്പലവയൽ, അസി. വൈൽഡ്‌ലൈഫ് വാർഡൻ എ.കെ. ഗോപാലൻ, എം. ഗംഗാധരൻ, ആൻഡ്രൂസ് ചാണ്ടി എന്നിവർ സംസാരിച്ചു.

എൽ.പി വിഭാഗത്തിൽ സാന്ത്വന വിമൽ (കൽപറ്റ ഡിപോൾ), ഡാനറ്റ് ബെന്നിച്ചൻ (മാനന്തവാടി ഹിൽബ്ലൂംസ്), പി. ഹരിത (കൽപറ്റ എൻ.എസ്.എസ്) യു.പി വിഭാഗത്തിൽ എം.എസ്. സംഗീത (മാനന്തവാടി ഹിൽബ്ലൂംസ്), ശിൽപ തിലക് (കൽപറ്റ എസ്.കെ.എം.ജെ), നയന പി. സാബു (പുൽപള്ളി സെൻറ് മേരീസ്), ഹൈസ്കൂൾ വിഭാഗത്തിൽ അമൃത രവീന്ദ്രൻ (മീനങ്ങാടി ജി.എച്ച്.എസ്), കെ.എസ്. അരുൺ (കണിയാരം ജി.കെ.എം.എച്ച്.എസ്), ഇ.ആർ. അനിൽകുമാർ (തൊണ്ടർനാട് എം.ടി.ഡി.എച്ച്.എസ്), പ്ലസ്ടു വിഭാഗത്തിൽ അലീന എലിസബത്ത് (മാനന്തവാടി സെൻറ് പാട്രിക്), പി.വി. വിജേഷ് (മീനങ്ങാടി ഗവ. പോളി), ശാഗ ശിഖ (ബത്തേരി വി.എച്ച്.എസ്.എസ്) എന്നിവർ സമ്മാനങ്ങൾ നേടി.

അമ്പത് കുട്ടികളെ ക്യാമ്പിലേക്ക് തെരഞ്ഞെടുത്തു.

# ചിത്രരചനാ മത്സരവും ക്യാമ്പും മുത്തങ്ങയിൽ

**കൽപ്പറ്റ:** വയനാട് പ്രകൃതി സംരക്ഷണ സമിതിയും കേരള വനം വന്യജീവി വകുപ്പും ചേർന്ന് നടത്തുന്ന അഖില വയനാട് ചിത്രരചനാ മത്സരം ജനവരി 26ന് മുത്തങ്ങയിൽ നടക്കും. തിരഞ്ഞെടുക്കപ്പെട്ട വിദ്യാർഥികളുടെ ചിത്രരചനാ ക്യാമ്പ് 29, 30 തിയ്യതികളിൽ നടക്കും.

ഒന്നുമുതൽ പ്ലസ്ടുവരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. മത്സരത്തിൽ കർണാടക ലളിതകലാ അക്കാദമി മുൻ ചെയർമാനും പ്രസിദ്ധ ചിത്രകാരനുമായ പുണിഞ്ചിത്തായ മുഖ്യ അതിഥിയായിരിക്കും. 29, 30 തിയ്യതികളിൽ നടക്കുന്ന ചിത്രരചനാ ക്യാമ്പിൽ മാതൃഭൂമി ചീഫ് ആർട്ടിസ്റ്റ് മദനൻ, ഫോക്‌ലോർ ഗവേഷകനും ചിത്രകാരനുമായ കെ.കെ. മാരാർ തുടങ്ങിയവർ പങ്കെടുക്കും.

എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കൻഡറി എന്നിങ്ങനെ നാലു വിഭാഗങ്ങളിലായാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. വരയ്ക്കാനുള്ള കടലാസ്, ഉച്ചഭക്ഷണം തുടങ്ങിയവ സംഘാടകർ നല്കും. കൂടുതൽ വിവരങ്ങൾക്ക് 240668, 270177.

Thursday,
January 20, 2005

## ENGAGEMENTS

**In Wayanad**

**Uravu:** inauguration of training programme for SHGs in making handicrafts and furniture from bamboo, training center, Uravu, Thrikkaipatta, 3 pm

**Kerala State Service Pensioners Union:** Meeting for the formation of organising committee in connection with the State conference, Municipal Town hall, Kalpetta, 11 am

# Painting contest for students at Muthanga

**Sulthan Bathery, Jan 19:** A painting competition for students will be held under the joint auspices of Wayanad Prakriti Samrakshana Samithy (WPSS) and Department of Forests at Muthanga on January 26, a press release said.


The competitions will be held separately for LP, UP, high school and higher secondary students. Noted artist Puninchithaya will distribute prizes. A two-day study camp for a selected group of children also will be held at Muthanga on January 28 and 29, the release said. For details contact: 240668,222024,220570, 270777 • ENS

# ചിത്രരചനാ ക്യാംപ് സമാപിച്ചു

ബത്തേരി: വയനാട് പ്രകൃതി സംരക്ഷണ സമിതിയും വനംവകുപ്പും ചേർന്നു നടത്തിയ രണ്ടാമതു ജില്ലാതല ചിത്രരചനാ മൽസരവും കുട്ടികൾക്കായി നടന്ന ചിത്രകലാ ക്യാംപും മുത്തങ്ങ വന്യജീവി സങ്കേതത്തിൽ സമാപിച്ചു.

വൈൽഡ് ലൈഫ് വാർഡൻ ഫണീന്ദ്രകുമാർ റാവു മൽസരം ഉദ്ഘാടനം ചെയ്തു. ടി.മോഹൻ ബാബു, ബാബു മൈലമ്പാടി, എൻ.ബാദുഷ, പി.കെ.ഉത്തമൻ പ്രസംഗിച്ചു. കുട്ടികൾ കലയുടെ ഉപാസകരായി വളരണമെന്നു സമ്മാനദാനം നിർവഹിക്കവെ കർണാടക ലളിതകലാ അധ്യക്ഷനും ചിത്രകാരനുമായ പുണിഞ്ചിത്തായ പറഞ്ഞു.

മൽസരത്തിൽ ഒന്നാം സ്ഥാനം നേടിയവർ: എൽ.പി വിഭാഗം: സാന്ത്വന വിമൽ (ഡി പോൾ കൽപറ്റ), യു.പി വിഭാഗം:എം.എസ്.സംഗീത (ഹിൽ ബ്ലൂംസ് മാനന്തവാടി), ഹൈസ്കൂൾ വിഭാഗം: അമൃത രവീന്ദ്രൻ (ജി.എച്ച്.എസ്.മീനങ്ങാടി), പ്ലസ്ടു വിഭാഗം: അലീന എലിസബത്ത് (സെന്റ് പാട്രിക് മാനന്തവാടി).



മുത്തങ്ങയിൽ നടന്ന ചിത്രരചനാ മൽസരത്തിലെ വിജയികൾക്ക് ചിത്രകാരൻ പുണിഞ്ചിത്തായ സമ്മാനം നൽകുന്നു.

# അഖില വയനാട് ചിത്രരചനാ മൽസരവും ക്യാമ്പും മുത്തങ്ങയിൽ 26ന്

കൽപ്പറ്റ: വയനാട് പ്രകൃതിസംരക്ഷണ സമിതിയും കേരള വനം വന്യജീവി വകുപ്പും സംയുക്തമായി നടത്തുന്ന രണ്ടാമത് അഖില വയനാട് ചിത്രരചനാമത്സരം ജനുവരി 26ന് മുത്തങ്ങയിൽ നടക്കും. തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ ക്യാമ്പ് 29, 30 തിയ്യതികളിൽ മുത്തങ്ങയിൽതന്നെ നടക്കും. വയനാട് ജില്ലയിലെ ഒന്നു മുതൽ പ്ലസ് ടു വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. ജനുവരി 26ന് കർണ്ണാടക ലളിതകലാ അക്കാദമിയുടെ മുൻ ചെയർമാനും പ്രസിദ്ധ ചിത്രകാരനുമായ പുണിഞ്ചിത്തായ മുഖ്യ അതിഥിയായിരിക്കും. 29, 30 ദിവസങ്ങളിൽ മാതൃഭൂമി പത്രത്തിൻെറ സ്റ്റാഫ് ചിത്രകാരൻ മദനൻ, പ്രസിദ്ധ ഫോക്‌ലോർ ഗവേഷകനും ചിത്രകാരനുമായ കെ കെ മാരാർ തുടങ്ങിയവർ പങ്കെടുക്കും. കഴിഞ്ഞ വർഷത്തെ മത്സരത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടവരെയും ഈ വർഷത്തെ ജേതാക്കളേയുമാണ് ക്യാമ്പിൽ പങ്കെടുപ്പിക്കുന്നത്.

എൽ പി, യു പി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി എന്നിങ്ങനെ നാലുവിഭാഗങ്ങളിലായിട്ടാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. ഓരോ വിഭാഗത്തിലും ഒന്നാം സമ്മാനാർഹരാവുന്നവർക്ക് ശില്പം, ക്യാഷ് അവാർഡ്, സർട്ടിഫിക്കറ്റ് എന്നിവയും രണ്ടും മൂന്നും സ്ഥാനക്കാർക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും തുടർന്ന് വരുന്ന ഏഴുപേർക്ക് മറ്റു സമ്മാനങ്ങളും നൽകുന്നതാണ്. നാലു വിഭാഗങ്ങളിലായി മൊത്തം 40 സമ്മാനങ്ങളും എൽ പി വിഭാഗത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനങ്ങളും നൽകും.

വരക്കാനുള്ള കടലാസ്, ഉച്ചഭക്ഷണം തുടങ്ങിയവ സംഘാടകർ നൽകും. മത്സരം 26ന് രാവിലെ 10.30 മണിക്ക് തുടങ്ങി ഒരു മണിക്ക് അവസാനിക്കും. 1.30ന് പുണിഞ്ചിത്തായയുടെ ഡമോൺസ്ട്രേഷനും തുടർന്ന് നാലുമണിക്ക് സമ്മാനദാനവും നടത്തും. കൂടുതൽ വിവരങ്ങൾക്ക് 240668, 222024, 220570, 270222, 270777, 260187, 225801, 2223600, മൊബൈൽ: 94476 [illegible]93 നമ്പറുകളിൽ ബന്ധപ്പെടണം.